പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1606 03/05/2017-ൽ മറുപടിക്ക്

## ലാബ് ടെക്നീഷ്യൻ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ 1961 ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമ്പോൾ രോഗ നിർണ്ണത്തിന് അത്യാവശ്യമായ ലാബ് ടെക്നീഷ്യൻ തസ്തിക അർഹമായ തരത്തിൽ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിക്കും. ആർദ്രം മിഷൻ പദ്ധതിയുടെ ഭാഗമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിൽ ലാബ് ടെക്നീഷ്യൻമാരുടെ തസ്തികകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ലാബ് സംവിധാനം ഇല്ലാത്ത സർക്കാർ ആശുപത്രികളിൽ ലാബ് തുടങ്ങുന്നതിനും അവിടെ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളിൽ ലാബുകളും 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;ഇതിന് ആവശ്യമായ ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുമോ; | (സി) | നിലവിൽ എല്ലാ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും കാര്യക്ഷമത കൂടിയ ലബോറട്ടറി സംവിധാനം സൗജന്യ നിരക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ലബോറട്ടറി സംവിധാനമില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എൻ.എച്ച്.എം ന്റെ കോമ്പ്രഹെൻസീവ് ഹെൽത്ത് പ്രോഗ്രാം മുഖേന ലബോറട്ടറി സംവിധാനം ആരംഭിക്കുന്ന നടപടികൾ പുരോഗതിയിലാണ്. കൂടാതെ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിൽ ലാബ് ടെക്നീഷ്യന്റെ 204 തസ്തികകൾ സൃഷ്ടിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അധിക |

| | | | |
|---|---|---|---|
| | | | തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ലാബ് ടെക്നീഷ്യന്റെ തസ്തികയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യകത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ലാബുകളിൽ വേണ്ടത്ര ജീവനക്കാരെയും, ഉപകരണങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**